(സി) ജനകീയാസൂത്രണ പദ്ധതിയുടെ എല്ലാ ആനുകൂല്യങ്ങളും ജനോപകാരപ്രദമായ രീതിയിലാണ് വിതരണം ചെയ്തത്. പ്രധാന ഇനങ്ങളുടെ വിവരം അനുബന്ധമായി നൽകുന്നു.†

(ഡി) ഒരു ഗുണഭോക്താവിനോ ഒരു കുടുംബത്തിനോ ഒന്നിൽ കൂടുതൽ ഇനങ്ങളിലുള്ള ആനുകൂല്യം ലഭിക്കാൻ സാധ്യതയുള്ളതിനാൽ ആകെ എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുക ശ്രമകരമായ പ്രവർത്തിയാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

26 (*86) ശ്രീ. കെ. സുധാകരൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വിശദീകരിക്കാമോ ;

(ബി) കോടതി വിധിയനുസരിച്ച് കെട്ടിവച്ച തുകയ്ക്ക് നൽകിയ ചെക്ക് മാറി പണം നൽകാത്തതിനാൽ സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെടുന്ന ഹർജി ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(സി) ഈ കേസിൽ ഗവൺമെന്റ് സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ;

(ഡി) കോടതി വിധിയനുസരിച്ചുള്ള തുകകളെല്ലാം നൽകിയിട്ടുണ്ടോ ;

(ഇ) 2001 ജനുവരി 31 വരെ മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ ശരാശരി എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് ;

(എഫ്) 2000-2001 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത റവന്യൂകളക്ഷന്റെ എത്ര ശതമാനം ഇതേവരെ കളക്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വളരെ മെച്ചമല്ല. സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നതിനാൽ സംസ്ഥാനത്തിന് പല ദിവസങ്ങളിലും വെയ്സ് ആന്റ് മീൻസ് അഡ്വാൻസിനേയും ഓവർ ഡ്രാഫ്റ്റിനേയും ആശ്രയിക്കേണ്ടി വരുന്നുണ്ട്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കി ട്രഷറി അടച്ചിടുന്ന അവസ്ഥ ഉണ്ടാവാതിരിക്കുവാൻ ചില താൽക്കാലിക ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട സർവ്വശ്രീ. ഖാദർ മുഹമ്മദ് കുഞ്ഞ്, ബാലൻ ശങ്കരൻ, പി. എൻ. ബാലകൃഷ്ണൻ എന്നിവർ എറണാകുളം ജില്ലാ ട്രഷറി, സബ്-ട്രഷറി ആഫീസർമാരെ എതിർകക്ഷികളാക്കി ഒരു പരാതി ചീഫ് സെക്രട്ടറിക്കും ധനകാര്യ സെക്രട്ടറിയ്ക്കും അയച്ചിട്ടുള്ളത് ലഭിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുള്ളതായി ഇതുവരെ അറിയിപ്പൊന്നും കിട്ടിയിട്ടില്ല.

(സി) ഇങ്ങനെയൊരു കേസ് ഹൈക്കോടതിയിൽ നിലവിലുണ്ടോയെന്ന് യാതൊരറിവും ഇല്ല. എന്നിരുന്നാലും കോടതിയിൽ നിന്ന് ഔദ്യോഗികമായി വിവരങ്ങൾ ഒന്നും ലഭ്യമായിട്ടില്ലാത്തതിനാൽ സത്യവാങ്മൂലം നൽകിയിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ കോടതി വിധിയൊന്നും ഉണ്ടായതായി അറിയില്ല.

(ഇ&എഫ്) അക്കൗണ്ടന്റ് ജനറലിൽ നിന്നും അന്തിമ കണക്കുകൾ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീൻ ലഭ്യമാക്കുന്നതിന് നടപടി

27 (*87) ശ്രീ. സി. മൊയീൻകുട്ടി :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീൻ വാങ്ങുന്നതിനായി സർക്കാർ പണം കൈപ്പറ്റിയിട്ട് എത്ര വർഷമായി ;

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പി മെഷീനുകൾ നൽകുന്നതിനുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കാമോ ;

(സി) പഞ്ചായത്തുകളിൽ നിന്നും പ്രസ്തുത ആവശ്യത്തിലേക്ക് സർക്കാർ സ്വരൂപിച്ച തുകയ്ക്ക് അർഹമായതും ബാങ്ക് നിരക്കിലുള്ളതുമായ പലിശ നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ഇനത്തിൽ എത്രകോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(ഇ) പണം സ്വീകരിച്ച പഞ്ചായത്തുകൾക്ക് എത്രയും വേഗം ഫോട്ടോസ്റ്റാറ്റ് മെഷീനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്നത്തേയ്ക്ക് മെഷീനുകൾ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1998 ജൂൺമാസം മുതൽ 2000 ജനുവരി മാസം വരെ ഇതിനായി പണം പഞ്ചായത്ത് ഡയറക്ടർ കൈപ്പറ്റിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly